പ്രസിദ്ധീകരണത്തിന്

മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി, ജസ്റ്റീസ് എ.വി. രാമകൃഷ്ണപിള്ള ചെയർമാനായുള്ള സംസ്ഥാനകമ്മീഷൻ മുഖ്യമന്ത്രിയെ നേരിട്ടുകണ്ട് റിപ്പോർട്ട് ഫെബ്രുവരി മാസം 19-ന് സമർപ്പിച്ചതായി അറിയുന്നു.

കേരളത്തിലെ മുന്നാക്കവിഭാഗങ്ങളെ കണ്ടെത്തി പട്ടിക തയ്യാറാക്കുക, മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുകയും അപഗ്രഥിക്കുകയും ക്ഷേമകാര്യങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക, മുന്നാക്കവിഭാഗമായി ഉൾപ്പെടുത്താനുള്ള ഏതെങ്കിലും വിഭാഗത്തിന്റെ അഭ്യർത്ഥനകൾ പരിശോധിച്ച്, അതു സംബന്ധിച്ച പരാതികൾ കേട്ട് ഉചിതമായ ഉപദേശം സർക്കാരിനു നൽകുക, മുന്നാക്കവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തികവികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും സംസ്ഥാനത്ത് അവരുടെ വികസനത്തിലുണ്ടായ പുരോഗതി വിലയിരുത്തുകയും ചെയ്യുക, മുന്നാക്കവിഭാഗങ്ങളുടെ ക്ഷേമത്തിനും സാമൂഹിക സാമ്പത്തിക പുരോഗതിക്കും ആവശ്യമായ വ്യവസ്ഥകളും മറ്റു നടപടികളും ഫലവത്തായി നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച ശുപാർശകൾ നൽകുകയും സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുക, മുന്നാക്കവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക, മുന്നാക്കവിഭാഗങ്ങളെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട യുക്തമായ നടപടികൾ നിർദ്ദേശിക്കുക, മുന്നാക്കവിഭാഗങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച്, പ്രത്യേകിച്ച് അവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങളെ സംബന്ധിച്ച്, സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക, മുന്നാക്കവിഭാഗങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക, മുന്നാക്കവിഭാഗങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപ്പിച്ചുകൊടുക്കുന്ന മറ്റു കാര്യങ്ങൾ നിർവ്വഹിക്കുക എന്നിവയായിരുന്നു കമ്മീഷന്റെ ചുമതലകൾ. ഇത് യഥാവിധി പൂർത്തിയാക്കിയാണ് സംസ്ഥാനസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് എന്നറിയുന്നു. നിലവിലുള്ള കമ്മീഷന്റെ കാലാവധി 25.2.2019-ൽ അവസാനിച്ചതിനെ തുടർന്ന് പ്രസ്തുത കമ്മീഷൻ പിരിഞ്ഞുപോയിട്ടുള്ളതാണ്.

ഈ റിപ്പോർട്ടിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കാനോ, പുതിയ കമ്മീഷനെ ചുമതല ഏല്പിക്കാനോ സംസ്ഥാനസർക്കാരിന്റെ ഭാഗത്തുനിന്നും ഇതേവരെ ഒരു നടപടിയും സ്വീകരിച്ചതായി അറിവില്ല. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുമ്പോൾ പുതിയ കമ്മീഷന്റെ സാന്നിധ്യം അനിവാര്യമാണെന്നിരിക്കെ, അതിനാവശ്യമായ നടപടികൾ ഗവൺമെന്റുഭാഗത്തുനിന്നും ഉണ്ടാകാതിരിക്കുന്നത് ഈ വിഭാഗത്തോട് സർക്കാർ കാണിക്കുന്ന തികഞ്ഞ അവഗണനയാണെന്ന് പറയേണ്ടിവരുന്നു.

ലോക്സഭാ തിരഞ്ഞെടുപ്പുതീയതി പ്രഖ്യാപിക്കുന്നതിനു മുമ്പ് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാനസർക്കാരിന്റെ ചുമതലയും മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരോടുള്ള ബാദ്ധ്യതയും ആണ്.

പെരുന്ന
28.2.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി